**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത | 27.10.2016-ൽ |
| ചോദ്യം നമ്പർ - 4770 | മറുപടിയ്ക്ക് |

## ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് റോഡുകളുടെ നവീകരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി. ദിവാകരൻ | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് ഏതൊക്കെ റോഡുകളുടെ അറ്റകുറ്റപ്പണികളാണ് നടത്താനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | 2016-17-ലെ ശബരിമല മണ്ഡല-മകരവിളക്ക് തീർത്ഥാടനവുമായി ബന്ധപ്പെട്ട് 28.07.2016-ലെ സ.ഉ.(കൈ) നം. 56/2016/പൊ.മ.വ. പ്രകാരം പൊതുമരാമത്ത് വകുപ്പിന്റെ ദേശീയപാത, നിരത്തുകളും പാലങ്ങളും വിഭാഗം, KSTP എന്നിവയിൽ ഉൾപ്പെട്ട് വരുന്ന 26 റോഡുകളുടെ അറ്റകുറ്റപ്പണികൾക്കും, റോഡുകളുടെ സുരക്ഷാ മാനദണ്ഡങ്ങൾ ക്രമീകരിക്കുന്നതിനുമായി 8943.54 ലക്ഷം രൂപയുടെ ഭരണാനുമതിയും, പ്രത്യേകാനുമതിയും നൽകിയിട്ടുണ്ട്. (റോഡുകളുടെ ലിസ്റ്റ് അടങ്ങിയ ഉത്തരവ് അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു) ഗുണ നിലവാരം മുൻനിർത്തി, മാനദണ്ഡങ്ങൾക്കനുസൃതമായി മണ്ഡല കാലം തുടങ്ങുന്നതിനു മുൻപ് തന്നെ ശബരിമല റോഡുകളുടെ പുനഃരുദ്ധാരണം പൂർത്തീകരിച്ച് തീർത്ഥാടകർക്ക് സുഗമമായ യാത്രാ സൗകര്യം ഉറപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

11365
29/7/16



**കേരള സർക്കാർ**

<u>സംഗ്രഹം</u>

പൊതുമരാമത്ത് വകുപ്പ് - 2016-17-ലെ ശബരിമല മണ്ഡല-മകരവിളക്ക് തീർത്ഥാടന ത്തോടനുബന്ധിച്ച് ശബരിമലയിലേയ്ക്കുള്ള സുപ്രധാന റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുമരാമത്ത് (ജി) വകുപ്പ്**

സ.ഉ (കൈ) നം. 56/2016/പൊ.മ.വ. തീയതി, തിരുവനന്തപുരം, 28.07.2016.

പരാമർശം:- 1. 19.07.2016-ൽ ബഹു. പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിന്റെ നടപടിക്രമം.

2. പൊതുമരാമത്തു വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയറുടെ 23.07.2016-ലെ CE(R&B)/AEE-II/Sabarimala/2016 നമ്പർ കത്ത്.

## <u>ഉത്തരവ്</u>

2016-17-ലെ ശബരിമല മണ്ഡല - മകരവിളക്ക് തീർത്ഥാടനത്തോടനുബന്ധിച്ച് പരാമർശം (1)-ലെ യോഗ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ, ഗുണനിലവാരം മുൻനിർത്തി, മാനദണ്ഡങ്ങൾക്കനുസൃതമായി ശബരിമല റോഡുകളുടെ പുനഃരുദ്ധാരണ പ്രവൃത്തികളുടെ ടെണ്ടർ നടപടിക്രമങ്ങൾ ആഗസ്റ്റ് 15-നകം പൂർത്തീകരിക്കണമെന്നും, റോഡ് പ്രവൃത്തികൾ ഒക്ടോബർ 15-നകം പൂർത്തീകരിക്കണമെന്നും, അമ്പലപ്പുഴ — തിരുവല്ല ടൗൺ റോഡ് പൂർണ്ണമായും ബി.എം & ബി.സി ചെയ്ത് നവീകരിക്കണമെന്നും, തീരുമാനമെടുത്തിട്ടുണ്ട്. ചെറിയ അറ്റകുറ്റപ്പണികൾക്കു പോലും ഭീമമായ അടങ്കൽതുക വകയിരുത്തിയിരിക്കുന്ന എസ്റ്റിമേറ്റുകൾ പുനഃപരിശോധനയ്ക്ക് വിധേയമാക്കണമെന്നും, ജില്ലാ കളക്ടർ, എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ എന്നിവർ ഉൾപ്പെട്ട സംഘം, ബന്ധപ്പെട്ട പൊതുമരാമത്ത് വകുപ്പ് സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ നേതൃത്വത്തിൽ ടി പ്രവൃത്തികളുമായി ബന്ധപ്പെട്ട സ്ഥലങ്ങൾ നേരിട്ട് സന്ദർശിക്കേണ്ടതും, എസ്റ്റിമേറ്റുകൾ ജില്ലാകളക്ടർമാർ സാക്ഷ്യപ്പെടുത്തേണ്ടതാണെന്നും തീരുമാനിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ, ആവശ്യമായ പരിശോധനകൾ നടത്തി എസ്റ്റിമേറ്റുകൾ പുനഃപരിശോധിച്ച ശേഷം 2016-17-ലെ ശബരിമല മണ്ഡല-മകരവിളക്ക് തീർത്ഥാടനവുമായി നേരിട്ട് ബന്ധപ്പെട്ട വരുന്ന റോഡുകളും, ബഹു. ഹൈക്കോടതി നിർദ്ദേശിച്ചിട്ടുള്ള ശബരിമലയിലേയ്ക്കുള്ള പ്രധാനപ്പെട്ട 17 റോഡുകളുമടക്കം സുപ്രധാനമായ 26 റോഡുകളുടെ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിന് ആവശ്യമായ തുക വകയിരുത്തി, പൊതുമരാമത്ത് വകുപ്പിന്റെ ദേശീയപാത, നിരത്തുകളും പാലങ്ങളും വിഭാഗം, KSTP എന്നിവയിൽ ഉൾപ്പെട്ട വരുന്ന റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി

8943.54 ലക്ഷം രൂപയ്ക്ക് ഭരണാനുമതിയും, പ്രത്യേകാനുമതിയും നൽകണമെന്ന് നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർ പരാമർശം (2) മുഖേന ആവശ്യപ്പെട്ടിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ 2016-17-ലെ ശബരിമല മണ്ഡല-മകരവിളക്ക് തീർത്ഥാടനവുമായി നേരിട്ട് ബന്ധപ്പെട്ടു വരുന്ന റോഡുകളുടെയും, ബഹു. ഹൈക്കോടതി നിർദ്ദേശിച്ചിട്ടുള്ള ശബരിമലയിലേയ്ക്കുള്ള പ്രധാനപ്പെട്ട 17 റോഡുകളടക്കം അനുബന്ധത്തിൽ പരാമർശിച്ചിരിക്കുന്ന പ്രവൃത്തികളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി 8943.54 ലക്ഷം രൂപയുള്ള ഭരണാനുമതിയും, പ്രത്യേകാനുമതിയും നൽകി ഉത്തരവാകുന്നു.

3. കൂടാതെ അമ്പലപ്പുഴ — തിരുവല്ല ടൗൺ റോഡിന്റെ (അനുബന്ധത്തിലെ ക്രമ നമ്പർ 21) എസ്റ്റിമേറ്റ് തുകയായ 5600 ലക്ഷം രൂപയുള്ള പ്രവൃത്തിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് (DPR) കേരള റോഡ് ഫണ്ട് ബോർഡ് (K.R.F.B) തയ്യാറാക്കി കേരളാ ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിന്റെ അംഗീകാരത്തിനായി ഉടൻ സമർപ്പിക്കേണ്ടതാണെന്നും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം),
**സുബ്രതാ ബിശ്വാസ്**
**അഡീഷണൽ ചീഫ് സെക്രട്ടറി**

ചീഫ് എൻജിനീയർ (നിരത്തുകളും പാലങ്ങളും വിഭാഗം / ദേശീയപാതാ വിഭാഗം / KSTP),
പൊതുമരാമത്ത് വകുപ്പ്, തിരുവനന്തപുരം.
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള റോഡ് ഫണ്ട് ബോർഡ് (K.R.F.B), കവടിയാർ, തിരുവനന്തപുരം.
സൂപ്രണ്ടിംഗ് എൻജിനീയർ (നിരത്തുകളും പാലങ്ങളും വിഭാഗം), ദക്ഷിണ മേഖല / മധ്യ മേഖല
തിരുവനന്തപുരം / ആലുവ.
എക്സിക്യൂട്ടീവ് എൻജിനീയർ, നിരത്തു വിഭാഗം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി.
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (26.07.2016-ലെ അനൗദ്യോഗിക കുറിപ്പ് നം. 25636/Ind&PW-B1/16/Fin പ്രകാരം)
പൊതുഭരണ (SC) വകുപ്പ്
പൊതുമരാമത്ത് (ഡി/ എച്ച്) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി / വെബ്സൈറ്റ്.

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ**

19-07-2016-ലെ യോഗ തീരുമാനമനുസരിച്ച് തെരഞ്ഞെടുത്ത റോഡുകളും, പ്രവൃത്തികൾക്കാവശ്യമായ തുകയും.

| | | | |
|---|---|---|---|
| **നാഷണൽ ഹൈവേ വിഭാഗം** | | | തുക ലക്ഷത്തിൽ |
| 1) | പുനലൂർ തെന്മല ആര്യങ്കാവ് റോഡ് | 37.25 കി.മീ. (റിപ്പയർ വർക്സ്) | 179.95 |
| **കെ.എസ്.ടി.പി. റോഡുകൾ** | | | |
| 2) | കൊട്ടാരക്കര അടൂർ റോഡ് | 22.00 കി.മീ. (റിപ്പയർ ആവശ്യമില്ല) | - |
| **ദേവസ്വം ബോർഡ് റോഡ്** | | | |
| 3) | ചാലക്കയം പമ്പ റോഡ് | 9.00 കി.മീ. | - |
| **റോഡ്സ് വിഭാഗം** | | | |
| 4) | മണ്ണാറക്കുളഞ്ഞി വടശ്ശേരിക്കര - പൂവത്തുമൂട് - പ്ലാപ്പള്ളി - ചാലക്കയം റോഡ് | 53.5 കി.മീ. (റിപ്പയർ ആവശ്യമില്ല) | 71.93 (സംരക്ഷണ ഭിത്തി, കലുങ്കു നിർമ്മാണം) |
| 5) | എരുമേലി - മുക്കൂട്ടുതറ - പമ്പാവാലി - കാരമല - തുലപ്പള്ളി - പ്ലാപ്പള്ളി റോഡ് | 20.00 കി.മീ. (റിപ്പിയർ ആവശ്യമില്ല) | - |
| 6) | എരുമേലി - മുക്കട, ഇടമൺ - അത്തിക്കയം - പൂവത്തുംമൂട് റോഡ് | 23.50 കി.മീ. (റിപ്പയർ ആവശ്യമില്ല) | - |
| 7) | പ്ലാപ്പള്ളി - അങ്ങാമൂഴി - ചിറ്റാർ - വടശ്ശേരിക്കര റോഡ് | 35.50 കി.മീ. (മേജർ റിപ്പയേഴ്സ്) | 139.00 |
| 8) | ചെങ്ങന്നൂർ - പന്തളം - കടക്കാട് - കൈപ്പട്ടൂർ പത്തനംതിട്ട റോഡ് | 30.40 കി.മീ. (റിപ്പയർ ആവശ്യമില്ല) | 50.00 (സംരക്ഷണ ഭിത്തി, കലുങ്കു നിർമ്മാണം) |
| 9) | ചെങ്ങന്നൂർ- ആറന്മുള - പത്തനംതിട്ട റോഡ് | 16.50 കി.മീ. (റിപ്പയർ ആവശ്യമില്ല) | 24.00 |
| 10) | പന്തളം - അടൂർ - തട്ട - കൈപ്പട്ടൂർ - പത്തനംതിട്ട - റോഡ് | 38.40 കി.മീ. (മൈനർ റിപ്പയേഴ്സ്) | 79.00 |
| 11) | തിരുവല്ല - ഇരവിപേരൂർ - കോഴഞ്ചേരി - പത്തനംതിട്ട റോഡ് | 30.00 കി.മി. (റിപ്പയർ ആവശ്യമില്ല) | - |
| 12) | റാന്നി - ചെത്തോംകര - അത്തിക്കയം റോഡ് | 7.20 കി.മീ. (മൈനർ റിപ്പയേഴ്സ്) | 25.00 |
| 13) | റാന്നി - മന്ദിരംപടി, വടശ്ശേരിക്കര റോഡ് | 9.00 കി.മീ. (മൈനർ റിപ്പയേഴ്സ്) | 28.01 |
| 14) | റാന്നി - പ്ലാച്ചേരി, മുക്കട റോഡ് | 19.00 കി.മീ. (മൈനർ റിപ്പയേഴ്സ്) | 189.00 |

| | | | |
|---|---|---|---|
| 15) | കോഴഞ്ചേരി - റാന്നി റോഡ് | 21.60 കി.മീ. (റിപ്പയർ ആവശ്യമില്ല) | - |
| 16) | പുനലൂർ - പത്തനാപുരം - മൈലപ്പാറ റോഡ് | 34.50 കി.മീ (മേജർ റിപ്പയേഴ്സ്) | 302.00 |
| 17) | തെന്മല - കുളത്തുപ്പുഴ റോഡ് (റ്റി. എസ്. റോഡ് കി.മീ. 43/000 മുതൽ 73/300 വരെ | 30.300 കി.മീ. (മേജർ റിപ്പയേഴ്സ്) | 291.00 |
| **പുതുതായി നിർദ്ദേശിച്ച റോഡുകൾ** | | | |
| **നാഷണൽ ഹൈവേ** | | | |
| 18) | കോട്ടയം - മുണ്ടക്കയം - എരുമേലി | 69.00 കി.മീ. (മൈനർ റിപ്പയേഴ്സ്) | 123.00 |
| 19) | കുമിളി - വണ്ടിപ്പെരിയാർ - പീരുമേട് - മുണ്ടക്കയം റോഡ് | 56.00 കി.മീ. (മൈനർ റിപ്പയേഴ്സ്) | 40.00 |
| **കെ.എസ്.ടി.പി. റോഡ്** | | | |
| 20) | ആലപ്പുഴ - ചങ്ങനാശ്ശേരി റോഡ് | 24.800 കി.മീ. (മൈനർ റിപ്പയോഴ്സ്) | 85.00 |
| **റോഡ്സ് വിഭാഗം** | | | |
| 21) | അമ്പലപ്പുഴ - തിരുവല്ല ടൗൺറോഡ് | 25.55 കി.മീ. (ബി.എം. & ബീസി) | 5600.00 |
| 22) | കമ്പംമെട്ട് - പുളിയൻമല - കുമിളി റോഡ് | 37.20 കി.മീ. (മേജർ റിപ്പയേഴ്സ്) | 125.00 |
| 23) | കായംകുളം ചെങ്ങന്നൂർ റോഡ് | 31.10 കി.മീ. (റിപ്പയേഴ്സ്) | 235.00 |
| 24) | മറയൂർ - മൂന്നാർ - കുമിളി റോഡ് (പുളിയൻമല വരെ) | 159.80 കി.മീ. (മേജർ റിപ്പയേഴ്സ്) | 450.00 |
| 25) | കുട്ടിക്കാനം - കട്ടപ്പന റോഡ് | 40.05 കി.മീ. (റിപ്പയേഴ്സ്) | 382.00 |
| 26) | പെയിന്റിംങ്, റോഡ് സുരക്ഷ ബോഡുകൾ എന്നിവ | | 359.00 |
| 27) | ചെറുകോൽപുഴ - റാന്നി & മടത്തുമൂഴി - പെരിനാട് - പൂന്തേനരുവി റോഡ് (പത്തനംതിട്ട) | 14.70 കി.മീ. | 171.65 |
| | **ആകെ** | | **8943.54** |

സെക്ഷൻ ഓഫീസർ